## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1547. 06-03-2017 ൽ മറുപടിയ്ക്ക്

## നെൽകൃഷിക്കാർക്ക് നഷ്ടപരിഹാരം

**ചോദ്യം**
ശ്രീ.യു. ആർ. പ്രദീപ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൺസൂൺ കാലത്തും തുലാവർഷക്കാലത്തും ലഭിക്കേണ്ട മഴയുടെ അളവിൽ 50%ത്തോളം കുറവു വന്നതുമൂലമുണ്ടായ രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്താകെ എത്ര ഏക്കർ നെൽകൃഷി ഉണങ്ങിപ്പോയിട്ടുണ്ടെന്നാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത്; ഇതു മൂലം ഉൽപ്പാദനത്തിൽ എത്ര ടണ്ണിന്റെ കുറവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് വരൾച്ചമൂലം 66340 ഏക്കർ നെൽകൃഷിനാശം (ഞാറ്റടി ഉൾപ്പെടെ) ഉണ്ടായതായിട്ടാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. ഇതുമൂലം ഉല്പാദനത്തിൽ 119412 ടണ്ണിന്റെ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്. |
| (ബി) | നെൽകൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | വരൾച്ച ദുരിതാശ്വാസം ആവശ്യപ്പെട്ട് കേന്ദ്ര സഹായം ലഭിക്കുന്നതിനായി സർവ്വകക്ഷി സംഘം കേന്ദ്ര മന്ത്രിമാരെ നേരിൽ കാണുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും വരൾച്ചയ്ക്ക് അധിക സഹായമായി 991 കോടി രൂപയാണ് ആവശ്യപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ